## അഭിമുഖം



# ശുഭാപ്തിവിശ്വാസത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വഴികാട്ടി കെ.പി. രവീന്ദ്രൻ

**മുരളി വി.പി.**
**മുംബൈ. 9004359099**

**ഫ**ർണീച്ചർ വ്യവസായത്തിനും സംരംഭകത്വത്തിനും മറ്റു പല സാമൂഹ്യ വികാസ പദ്ധതികൾക്കും മഹത്തായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന ബഹുമുഖ പ്രതിഭയാണ് ശ്രീ. കെ. പി. രവീന്ദ്രൻ.

'ഫർണിച്ചർ മാനുഫാക്ചറേഴ്സ് ആന്റ് മെർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള' (FUMMA) യുടെ സ്ഥാപക പ്രസിഡണ്ട്, ഇന്ത്യയിലെ പ്രഥമ ഗൃഹോപകരണ കൂട്ടായ്മയായ "Kerala Furniture Consortium Ernakulam" ത്തിന്റെ സ്ഥാപക മാനേജിം ഡയറക്ടർ, കേന്ദ്ര വ്യവസായ വകുപ്പിന്റെ കീഴിലുള്ള "Innovative International Furniture Hub" ന്റെ മാനേജിംഗ് ഡയറക്ടർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രസിദ്ധനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു ഫർണിച്ചർ ഹബ്ബിനായി കേന്ദ്ര സർക്കാരിൽ നിന്നും 44 കോടിയുടെ സഹായധനവും കേരള സർക്കാരിൽ നിന്നും 22 ലക്ഷം രൂപയും 3 ഏക്കർ 15 സെന്റ് സ്ഥലവും അനുവദിച്ചു കിട്ടുകയുമുണ്ടായത്. 2014 ൽ നോർത്ത് മലബാർ ചേമ്പർ ഓഫ് കോമേഴ്സ് അദ്ദേഹത്തെ "ബെസ്റ്റ് ഇൻഡസ്ട്രിയലിസ്റ്റ്" അവാർഡ് നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ പ്രയത്നത്താൽ സാമൂഹ്യ വികാസ പദ്ധതികളിൽ കേരളത്തിലങ്ങോളമിങ്ങോളം 6 പൊതു പദ്ധതികൾ സ്ഥാപിക്കപ്പെട്ടു. പുതു സംരംഭകർക്ക് സഹായഹസ്തം നൽകുന്നതിനായി സ്ഥാപിച്ച "Positive Commune Enterreneurship Club" ന്റെ സ്ഥാപകനുമാണ് ശ്രീ. കെ.പി. രവീന്ദ്രൻ. കൂടാതെ മലബാർ ഇന്നോവേഷൻ സോണിന്റെയും മലബാർ എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ് പ്ലാറ്റ്ഫോമിന്റെയും ഡയറക്ടറുമാണ് ഇദ്ദേഹം.



അച്ഛൻ: പരേതനായ പട്ടിശ്ശേരി പിഷാരത്ത് ബാലകൃഷ്ണപിഷാരോടി. അമ്മ: കണ്ണനൂർ പിഷാരത്ത് നളിനി പിഷാരസ്യാർ. സഹധർമ്മിണി: ശുകപുരത്ത് പിഷാരത്ത് ദിവ്യ. മക്കൾ: ദർശന, ധീരജ്.

അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽ നിന്നും ഉള്ള പ്രസക്ത ഭാഗങ്ങൾ:

**ഒരു വ്യവസായ സംരംഭകൻ എന്ന നിലയിലേക്ക് എങ്ങിനെ എത്തിപ്പെട്ടു?**

വളരെ അപ്രതീക്ഷിതമായായിരുന്നു ഇതിലേക്ക് എത്തിപ്പെട്ടത് എന്ന് പറയാം. നാട്ടിലെ ഒരു സാധാരണ ദരിദ്ര കുടുംബത്തിൽ ജനിച്ച് പത്താം തരം പാസ്സായി തുടർ പഠനത്തിന് നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ടൈപ്പും ഷോർട്ട്ഹാന്റും പഠിച്ച് ഗുജറാത്തിലേക്ക് നാടുവിട്ടു. അവിടെ ഗുജറാത്തികളുടെയും മാർവാഡികളുടെയും കൂടെയുള്ള എട്ടുവർഷത്തെ ജോലിയിൽ വളരെ നന്നായി പ്രവർത്തിച്ച് അവരുടെ പ്രശംസ പിടിച്ചുപറ്റുകയും

അവരുടെ പല ഉൽപ്പന്നങ്ങളും കേരളത്തിൽ വിറ്റഴിക്കാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ എന്ന ചോദ്യം വന്നപ്പോൾ 1995 കാലഘട്ടത്തിൽ പ്ലാസ്റ്റിക് മോൾഡഡ് ഉൽപ്പന്നങ്ങളുടെ വിതരണം ഏറ്റെടുത്തു. അതിന് അവർ അകമഴിഞ്ഞ് സഹായിച്ചിട്ടുണ്ട്. ഒരു രൂപപോലും ഇറക്കാതെ അതുവരെ യാർജ്ജിച്ച മതിപ്പ് മാത്രം മൂലധനമാക്കിയായിരുന്നു ഇതിലേക്ക് ഇറങ്ങിത്തിരിച്ചത്. ആദ്യകാലത്ത് വിൽപനയിൽ മാത്രം ഊന്നി പ്രവർത്തനം തുടങ്ങി. ഒരേ മനസ്സുള്ള കുറച്ച് കൂട്ടായ്മയുമായി ചേർന്ന് കേരളത്തിലങ്ങോളമിങ്ങോളം ഒരു ശൃംഖല സൃഷ്ടിച്ച് മുന്നോട്ട് പോയി.

**പിന്നീടുള്ള വളർച്ച?**

പിന്നീട് പതുക്കെ പ്ലാസ്റ്റിക് മോൾഡഡ് ഫർണീച്ചറുകളുടെ ഉൽപ്പാദനത്തിലേക്ക് തിരിഞ്ഞു. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഉൽപ്പാദകരായ Friends Polyplast എന്ന, “ചെയർമാൻ”, “ഫ്രണ്ട്” എന്നിങ്ങനെ രണ്ടു പ്രൊഡക്റ്റുകൾ നിർമ്മിക്കുന്ന സംരംഭത്തിന് 2004 ൽ തുടക്കം കുറിച്ചു. ഇറക്കുമതി, ഉൽപ്പാദനം, കയറ്റുമതി, സ്വദേശത്തുള്ള വിതരണം എന്നിങ്ങനെ പല മേഖലകളിലും കമ്പനി സ്വയം പര്യാപ്തമാണ്.

**ഒരു കമ്മ്യൂൺ എന്ന ആശയം പ്രാവർത്തികമാക്കാൻ ഉണ്ടായ കാരണം?**

വളരെ അപ്രതീക്ഷിതമായിട്ടാണ് സംരംഭകത്വത്തിലേക്ക് വന്നത്. നമ്മൾ ചെയ്യുന്ന തൊഴിലിനെ വളരെ ആത്മാർത്ഥമായി സ്നേഹിക്കാൻ തുടങ്ങിയാൽ ആവശ്യത്തിലധികം വസ്തുവകകളും കാര്യങ്ങളും പ്രപഞ്ചം നമുക്ക് കാണിച്ചു തരും എന്ന് ജീവിതത്തിലൂടെ മനസ്സിലാക്കിയാണ് ഇതിനുള്ള പ്രചോദനം. നാം ചെയ്യുന്ന കർമ്മത്തിൽ അത്രയും വ്യാപൃതമാവുമ്പോൾ അതിൽ നിന്നും നമ്മളർഹിക്കുന്നതിനേക്കാൾ കൂടുതൽ ലഭിക്കുന്ന ഗുണഫലങ്ങൾ മറ്റുള്ളവരിലേക്ക് കൂടി വ്യാപിപ്പിക്കണം എന്ന ആശയമാണ് Positive Commune Entrepreneurship Club ന്റെ തുടക്കത്തിന് ഹേതുവായത്.

**ഈ കമ്മ്യൂണിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്?**

പുതുസംരംഭകർക്ക് അവർ ഏതു മേഖലകളിലാണോ കൈവെക്കാൻ ആഗ്രഹിക്കുന്നത് എന്നതനുസരിച്ച്, ഒരു ഫീസും വാങ്ങാതെ, അവർക്ക് വേണ്ടുന്ന നിരുപാധിക ബൗദ്ധിക സഹായം, ഐഡിയ ഡെവലപ്പ്മെന്റ്, വൈദഗ്ദ്ധ്യ പരിശീലനം, ബാങ്ക് ലോൺ ലഭിക്കാനുള്ള സഹായം, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, മാർക്കറ്റിംഗ് സഹായം എന്നിവ നൽകുന്നു.

**Furniture Hub നെക്കുറിച്ച് രണ്ടുവാക്ക്?**

ജീവിതത്തിൽ പ്രശ്നങ്ങൾ തിരഞ്ഞു പോകുമ്പോൾ നമ്മൾ പ്രശ്നങ്ങൾ മാത്രമേ കാണൂ, പക്ഷെ അതിനേക്കാളേറെ അവസരങ്ങൾ നമുക്ക് മുമ്പിലുണ്ട് എന്നത് നാം കാണാതെ പോകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ പല പല പദ്ധതികളും ഉണ്ട്. അത് കണ്ടെത്തി ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫർണിച്ചർ ഹബ് രൂപീകരിച്ചത്. പൊതു ഉൽപ്പാദന കേന്ദ്രങ്ങൾ തുടങ്ങാനായി ഗവൺമെന്റ് 90% സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതൊന്നും പലർക്കും അറിവില്ല. കുത്തകകൾക്ക് സമാനമായ കൂട്ടായ്മയുടെ കുത്തക സൃഷ്ടിക്കുക എന്നൊരു ദൗത്യം കൂടി ഇതിനു പിന്നിലുണ്ട്. ഉദാഹരണത്തിന് ഗൃഹോപകരണ മേഖലയിൽ IKEA പോലൊരു സംവിധാനം ആണ് വിഭാവനം ചെയ്യുന്നത്.

**കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമല്ല എന്ന പരാതിയെപ്പറ്റി എന്തു പറയുന്നു?**

100% തെറ്റായ ഒരു കാഴ്ചപ്പാടാണ് അത്. ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് ഏറ്റവും കൂടുതൽ സാദ്ധ്യത നിലനിൽക്കുന്നൊരു സംസ്ഥാനമാണ് കേരളം. ഒരു നിലക്ക് മറ്റു സംസ്ഥാനക്കാർക്ക് ഇവിടെ വന്ന് വ്യാപാരം ചെയ്യാൻ ഒരു അനാവശ്യ ഭയം നിലനിൽക്കുന്നതിനാൽ നൂറ് കണക്കിന് അവസരങ്ങളാണ് ഇവിടെയുള്ളത്. ഉദാഹരണത്തിന് എന്റെ കാര്യം തന്നെയെടുക്കാം, വേണ്ടത് വേണം എന്ന മനസ്സാണ്.

**പ്രളയാനന്തര നവകേരള നിർമാണത്തിൽ കമ്മ്യൂണുകളുടെ പങ്ക്?**

ആത്യന്തികമായി ജനങ്ങളുടെ മനസ്സിൽ നന്മയുണ്ട്. അത് നാം ആഗസ്റ്റ് 15ന് കണ്ടു.

ആരും പറയാതെ തന്നെ ജനങ്ങൾ മറ്റുള്ളവരെ സഹായിക്കാൻ ഇറങ്ങിത്തിരിച്ചു. പലയിടങ്ങളിലും ആവശ്യത്തിലധികം സഹായം കുന്നു കൂടുന്ന അവസ്ഥ പോലും ഉണ്ടായി. ജനങ്ങളുടെ ഇടയിലെ നന്മയെ നല്ല നിലയിൽ ജനങ്ങളിലേക്കെത്തിക്കുകയാണ് പോസിറ്റീവ് കമ്മ്യൂൺ പോലുള്ള കൂട്ടായ്മയിലൂടെ ലക്ഷ്യം വെക്കുന്നത്. ഈ പ്രകൃതി ദുരന്തം നമുക്ക് നൽകുന്നൊരു പാഠമുണ്ട്. നന്മയോടെ പ്രകൃതിയോടിണങ്ങി ജീവിക്കുവാൻ നാം പഠിക്കേണ്ടതുണ്ടെന്ന സന്ദേശം.



**പുതു തലമുറക്ക് നൽകാനുള്ള സന്ദേശം?**

ജീവിതത്തിൽ ഒരു ജോലി ലഭിച്ചാൽ ജീവിതം ഭദ്രമായി എന്ന് കരുതുന്നവരാണ് നമുക്കിടയിൽ ഭൂരിഭാഗവും. അതിൽ നിന്ന് വ്യത്യസ്ഥമായി ഇന്നത്തെ കാലം "Start Up" കളുടെയും നവസംരംഭങ്ങളുടെയും കാലഘട്ടമാണ്. അവിടെ നിങ്ങൾക്ക് നിങ്ങളുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ചു ആരുടെ കീഴിലുമല്ലാതെ പ്രവർത്തിക്കാനുള്ള അവസരങ്ങൾ ഉണ്ട്. അത് കണ്ടെത്തി മുന്നോട്ട് പോകാൻ ശ്രമിക്കണം. അതിലൂടെ സാമ്പത്തിക സാക്ഷരതയും ശാക്തീകരണവും നടക്കും. സ്വജീവിതം കൊണ്ട് ഞാൻ പഠിച്ചത് മാനസികാരോഗ്യത്തോടെ ജീവിക്കാൻ ഏറ്റവും നല്ല മാർഗം സ്വസംരംഭമാണെന്നാണ്. അതിനായി നമ്മുടെ സമുദായത്തിലുള്ളവർക്ക് മാർഗ്ഗദർശനം നൽകാൻ എനിക്ക് സന്തോഷമേ ഉള്ളൂ. എല്ലാവരും സാമ്പത്തികമായും മാനസികമായും സാമൂഹികമായും വളരണം എന്നതാണ് എന്റെ മോഹം. ആ ലക്ഷ്യത്തിലേക്ക് പ്രതിഫലേച്ഛ കൂടാതെ സഹായിക്കാൻ ഞാനെന്നും ഒരുക്കമാണ്.

**പിഷാരോടി സമുദായം തങ്ങളുടെ പഴയ കെട്ടുപാടുകളിൽനിന്നും മുക്തരായി മുന്നോട്ട് പോകേണ്ടതല്ലേ?**

നമ്മുടെ കുലത്തൊഴിൽ ഒരു കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ഇന്നും അത് ചെയ്യുന്നവരോട് എനിക്കിഷ്ടവുമാണ്. ഞാനും ഒരു കഴകം ചെയ്യുന്നുണ്ട്. നമ്മളിന്നൊരു ഗ്ലോബൽ കമ്യൂണിറ്റിയാണ്. ആയിരക്കണക്കിന് അവസരങ്ങളുണ്ട്. മാറി ചിന്തിച്ച്, ജീവിതത്തിൽ ഒരു മാറ്റം കൊണ്ടുവന്ന് ആനന്ദകരമായി എല്ലാവരും പരസ്പരം സഹകരിച്ചു മുന്നോട്ട് പോകണം എന്നാണ് എന്റെ ഒരു കാഴ്ചപ്പാട്.

“കർമ്മണ്യേ വാധികാരസ്തേ മാ ഫലേഷു കദാചന...” എന്ന വചനം ഉൾക്കൊണ്ട് കൂടുതൽ ആത്മാർത്ഥതയോടെ ഏത് ജോലിയിൽ ഏർപ്പെട്ടാലും നമുക്ക് കിട്ടാനുള്ളതിൽ കൂടുതൽ നമുക്ക് കൈവന്നിരിക്കും എന്നാണ് എന്റെ ജീവിതം പഠിപ്പിച്ച പാഠം.

ധനികരും പാവപ്പെട്ടവരും, കോർപ്പറേറ്റ്സും തൊഴിലാളികളും, ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള സാമ്പത്തിക വിടവുകളാണല്ലോ സമരങ്ങൾക്കും, വിപ്ലവങ്ങൾക്കും, അരാജകത്വത്തിനും ഒക്കെ കാരണമാകുന്നത്. ഒരുഭാഗത്ത് തൊഴിലില്ലായ്മയും ദാരിദ്ര്യവും വർധിക്കുമ്പോൾ വരുമാനത്തിന്റെ 30% ഇൻകം ടാക്സ് അടച്ചിട്ടും മാറി മാറി വരുന്ന സർക്കാരിനെക്കൊണ്ട് എന്ത് തീരുമാനമെടുപ്പിക്കുവാനും കെൽപ്പുള്ള നിലയിൽ കോർപ്പറേറ്റ്സ് തഴച്ച് വളരുന്നു. നിലവിലെ സാഹചര്യത്തിൽ വിമർശിച്ച് മാറിനിൽക്കാതെ പ്രശ്നപരിഹാരത്തിനായി നമുക്കെന്തൊക്കെ ചെയ്യാൻ

കഴിയുമെന്ന് നമുക്ക് കൂട്ടായി ആലോചിക്കേണ്ടി യിരിക്കുന്നു. ചർച്ചക്കും, പ്രവർത്തനങ്ങൾക്കു മായി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

1) സ്വയംതൊഴിൽ വഴി പ്രതിമാസം 50,000 രൂപയോ, വർഷത്തിൽ 6 ലക്ഷം രൂപയോ വരെ വരുമാനമുള്ള വ്യക്തികളെ ഇൻകം ടാക്സിൽ നിന്ന് ഒഴിവാക്കുക.

2) സ്വയം തൊഴിലിനായി ചുരുങ്ങിയത് 200 ഐഡിയകളും അവക്ക് ആവശ്യമായ കർക്കശ മായ പരിശീലനവും, പരിശീലനം പൂർത്തിയായ വർക്ക് ആവശ്യമായ മൂലധനവും ലഭ്യമാക്കുക. (കേവലം നിർദ്ദേശമല്ലാതെ ഇതിനു പുറകിൽ പ്രവർത്തിക്കുന്ന PCEC കൂട്ടായ്മ സർക്കാരിനോട് കൂടി നിന്ന് പ്രവർത്തിക്കാനും തയ്യാറാണ്).

3) ഇത്തരം സ്വയംതൊഴിൽ സംരംഭകർക്ക് കൂട്ടായി ദേശീയ, ലോക കമ്പോളത്തിൽ മൽസ രിക്കുവാനുള്ള തരത്തിൽ പൊതു ഉൽപ്പാദന കേന്ദ്രങ്ങൾ തുടങ്ങാൻ ആവശ്യമായ മൂലധന ത്തിന്റെ 90% തുക കേന്ദ്ര സംസ്ഥാന സർക്കാരു കൾ അനുവദിച്ച് നൽകുക.

4) ഇന്ത്യയിൽ കമ്പോളമുറപ്പിച്ചിട്ടുള്ള കുത്തകക്കമ്പനികളുടെ വിപണനത്തിന്റെയും, ലാഭത്തിന്റെയും വിവരങ്ങൾ ഡാറ്റ ഇന്റലിജൻസ് ഉപയോഗപ്പെടുത്തി സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ULCCS പോലുള്ള സ്വയം തൊഴിൽ ക്ലസ്റ്ററുകളെയും, കൂട്ടായ്മകളെയും ചെറുപ്പക്കാരെയും പഠിപ്പിക്കുക. ഇത്തരം കൂട്ടാ യ്മകളിൽ കക്ഷി രാഷ്ട്രീയങ്ങൾക്ക് ഇടപെടാൻ കഴിയാത്തവിധം നിയമം കർക്കശമാക്കുക. പണി യെടുക്കാതെ തിന്നാൻ ആർക്കും അവസരം കൊടുക്കാതിരിക്കുക.

5) അക്കാദമിക് വിഷയങ്ങളിൽ അമൂൽ, ULCCS തുടങ്ങിയ സ്വയം തൊഴിൽ സ്ഥാപനങ്ങ ളുടെ വളർച്ചാ സാധ്യതകളെക്കുറിച്ച് പഠിപ്പിക്കുക.

6) മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കി സർക്കാർ ജോലിയേക്കാൾ വരുമാനം കൂടുതൽ ഉള്ളതും, സ്വന്തം കാലിൽ നിന്ന് അഭിമാന ത്തോടെയും സാമൂഹ്യ പ്രതിബദ്ധതയോടെയും ജീവിക്കുവാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുക.

ശ്രീ. രവീന്ദ്രന്റെ കാഴ്ചപ്പാടുകളെ മാതൃക യാക്കി അദ്ദേഹത്തിന്റെ തെറ്റാത്ത വഴികളി ലൂടെത്തന്നെയാണ് മക്കൾ ചരിക്കുന്നതെന്നതും ഏറെ അഭിമാനപ്രദമാണ്. മകൾ ദർശന രവീന്ദ്രൻ പൈലറ്റാകാനാണ് പഠിക്കുന്നത്. ഇപ്പോഴേ സ്വത ന്ത്രമായി വിമാനം പറത്താനാകുന്നവിധം കഴിവു നേടിയ ദർശന അധികം താമസിയാതെ കമേ ഴ്സ്യൽ പൈലറ്റ് ലൈസൻസെടുക്കുന്നതോടെ പിഷാരോടി സമുദായത്തിൽ നിന്നുള്ള ആദ്യത്തെ പൈലറ്റാകും. (വനിതാ പൈലറ്റും).



ദർശന, അയച്ച സന്ദേശം എന്നെ ലോക ത്തിലെ ഏറ്റവും വലിയ ആനന്ദവാനാക്കിയെന്ന് അദ്ദേഹം പറഞ്ഞു.

"You gave me the best gift any one could give another person... You were the best father of my dreams. Now I want to be the daughter of your dreams! It will be my present for you. I will make you proud, one day". - Ammu (Darsana)

ഖലീൽ ജിബ്രാന്റെ കവിതയിങ്ങനെയാണ്. നിന്റെ മക്കൾ നിന്റേതല്ല. മറിച്ച് അവർ പ്രപഞ്ച ത്തിന്റേതാണ്. അവരെ നിങ്ങളാക്കാൻ ശ്രമിക്കരു ത്. നിങ്ങൾക്കു വേണമെങ്കിൽ അവരാകാൻ ശ്രമി ക്കാം. വില്ല് എത്രമാത്രം വളയുന്നുവോ എന്നതി നനുസരിച്ചാണ് അമ്പിന് വേഗതയും ലക്ഷ്യവും നേടിക്കൊടുക്കുന്നത്. നിങ്ങൾ രക്ഷിതാക്കൾ പര മാവധി വളയുന്ന വില്ലുകളാവുക. നിങ്ങൾ സ്വയം പ്രപഞ്ചത്തോളം പറന്ന് ലക്ഷ്യത്തിലെത്തും.

ഇത് ഓരോ രക്ഷിതാവിനും യുവതീയുവാ ക്കൾക്കുമുള്ള ആത്മവിശ്വാസം പകരുന്ന വരികൾ കൂടിയാണ്. ശ്രീ. രവീന്ദ്രന്റെ ജീവിതം യുവത്വത തിനുള്ള വലിയൊരു പാഠപുസ്തകമാണ്. അതിലെ ഓരോ പാഠവും സ്വന്തം ജീവനോട് ചേർത്ത് വെച്ച് പ്രാവർത്തികമാക്കിനോക്കൂ.... പരാജയങ്ങളുടെ സ്ഥാനമെപ്പോഴും കിലോമീറ്ററുകൾ അകലെയാ യിരിക്കും. ●